**പതിമൂന്നാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 4853** — **01.07.2013 ൽ മറുപടിയ്ക്ക്**

**ദുരിതാശ്വാസ നിധിയിലേയ്ക്ക് സർക്കാർ ജീവനക്കാരുടെ സംഭാവന**

**ചോദ്യം**

ശ്രീ. ലൂഡി ലൂയിസ് :

സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർ, അദ്ധ്യാപകർ തുടങ്ങിയവർ തങ്ങളുടെ ശമ്പളത്തിൽ നിന്ന് നിശ്ചിത തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് സംഭാവന നൽകുവാൻ തയ്യാറായാൽ ആയത് ശമ്പളത്തിൽ നിന്ന് സ്വീകരിച്ച് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് വകയിരുത്തുവാൻ നടപടി സ്വീകരിക്കുമോ?

**ഉത്തരം**

**ശ്രീ. ഉമ്മൻ ചാണ്ടി**
**(ബഹു. മുഖ്യമന്ത്രി)**

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ട്രഷററായ ധനകാര്യ പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേരിൽ തിരുവനന്തപുരം ജില്ലാ ട്രഷറിയിലുള്ള ടി.പി.അക്കൗണ്ട് 80 ഉൾപ്പെടെ 14 ജില്ലാ ട്രഷറികളിലുള്ള ടി.പി.അക്കൗണ്ടുകളിലൂടെ ആർക്കും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് സംഭാവന നൽകാവുന്നതാണ്. കൂടാതെ, കളക്ട്രേറ്റുകൾ, താലൂക്ക് ആഫീസുകൾ, ഗവൺമെന്റ് സെക്രട്ടേറിയറ്റിലെ ധനകാര്യ വകുപ്പിലെ ഫണ്ട്സ് സെക്ഷൻ തുടങ്ങിയ സർക്കാർ ഓഫീസുകളിലും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന സ്വീകരിക്കുന്നതാണ്. സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർ, അദ്ധ്യാപകർ തുടങ്ങിയവർ തങ്ങളുടെ ശമ്പളത്തിൽ നിന്ന് നിശ്ചിത തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന നൽകുവാൻ തയ്യാറാണെന്ന് രേഖാമൂലം അറിയിച്ചാൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് ഇത്തരം സംഭാവനകൾ വകയിരുത്തുവാൻ നടപടി സ്വീകരിക്കുന്നതാണ്.

Vaijan
സെക്ഷൻ ഓഫീസർ.